**SY-248**

Reg. No. : ..........................................

Name : ..........................................

## SECOND YEAR HIGHER SECONDARY
## SECOND TERMINAL EXAMINATION, DECEMBER-2024

Part – III

**BUSINESS STUDIES**

Maximum : 80 Scores

Time : 2½ Hours

Cool-off time : 15 Minutes

***General Instructions to Candidates :***

- There is a 'Cool-off time' of 15 minutes in addition to the writing time.
- Use the 'Cool-off time' to get familiar with questions and to plan your answers.
- Read questions carefully before answering.
- Read the instructions carefully.
- Calculations, figures and graphs should be shown in the answer sheet itself.
- Malayalam version of the questions is also provided.
- Give equations wherever necessary.
- Electronic devices except non-programmable calculators are not allowed in the Examination Hall.

***വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :***

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- നിർദ്ദേശങ്ങൾ മുഴുവനും ശ്രദ്ധാപൂർവ്വം വായിക്കണം.
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, എന്നിവ ഉത്തരപേപ്പറിൽ തന്നെ ഉണ്ടായിരിക്കണം.
- ചോദ്യങ്ങൾ മലയാളത്തിലും നല്കിയിട്ടുണ്ട്.
- ആവശ്യമുള്ള സ്ഥലത്ത് സമവാക്യങ്ങൾ കൊടുക്കണം.
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.

I. 1 മുതൽ 10 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 8 എണ്ണത്തിന് ഉത്തരം എഴുതുക. 1 സ്കോർ വിതം. (8 × 1 = 8)

1. മാനേജ്മെന്റ് രൂപികരിക്കുന്ന നയങ്ങളെ വ്യാഖ്യാനിക്കുന്ന ധർമ്മം നിർവ്വഹിക്കുന്നത് ________ ആണ്.
   (a) ഉന്നതതലം (b) മധ്യതലം
   (c) കീഴ്തലം (d) ഉയർന്നതലം

2. ഒരു എഴുത്തുകാരൻ ഇങ്ങനെ സൂചിപ്പിക്കുന്നു. ഭൂഗോളത്തെ എടുക്കുക അതിൽ നിന്ന് സ്ഥാപനത്തെ കുറയ്ക്കുക ബാക്കിയാവുന്നത് ________ ആണ്.
   (a) പരിസ്ഥിതി (b) മാനേജ്മെന്റ്
   (c) ഏകോപനം (d) ഇവയൊന്നുമല്ല

3. താഴെ തന്നിരിക്കുന്നവയിൽ സ്റ്റാൻഡിങ് പദ്ധതി ഏത്?
   (a) ബജറ്റ് (b) കാര്യപരിപാടി
   (c) നിയമം (d) നടപടിക്രമം

4. പദവിയിലോ പ്രതിഫലത്തിലോ വ്യത്യാസമില്ലാതെ, ഒരു ജീവനക്കാരനെ ഒരു ജോലിയിൽ നിന്നും മറ്റൊന്നിലേക്ക് മാറ്റി നിയമിക്കുന്നതിനെ ________ എന്നു പറയുന്നു.
   (a) സ്ഥാനകയറ്റം (b) സ്ഥലം മാറ്റം
   (c) സസ്പെൻഷൻ (d) റിടെൻഷൻ

5. സൂചന പ്രകാരം പൂരിപ്പിക്കുക :
   (a) റിക്രൂട്ട്മെന്റ് – പോസിറ്റീവ് പ്രക്രിയ
   (b) സെലക്ഷൻ – ____?____

6. ആശയ വിനിമയ പ്രക്രിയയിലെ തടസ്സത്തെ സൂചിപ്പിക്കുന്ന പദം ________ ആണ്.
   (a) എൻകോഡിങ് (b) ഡീകോഡിങ്
   (c) നോയിസ് (d) ഫീഡ്ബാക്ക്

7. അർത്ഥപൂർണ്ണമല്ലാതെ വിനിമയം ചെയ്യപ്പെട്ട സന്ദേശം ആശയവിനിമയ പ്രക്രിയയിലെ ________ തടസ്സത്തിന് ഉദാഹരണമാണ്.
   (a) ഭാഷാപരം (b) മനശാസ്ത്രപരം
   (c) സ്ഥാപനപരം (d) വ്യക്തിപരം

8. നിയന്ത്രണ പ്രക്രിയയുടെ അവസാന പടി ഏതാണ്?
   (a) തിരുത്തൽ നടപടി സ്വീകരിക്കൽ (b) നിലവാരം നിശ്ചയിക്കൽ
   (c) പ്രവർത്തനം അളക്കൽ (d) വ്യതിയാനം വിലയിരുത്തൽ

9. താഴെ തന്നിരിക്കുന്നവയിൽ സ്ഥിരാസ്തി ഏത് ?

(a) പണം  (b) സൽപേര്

(c) സ്റ്റോക്ക്  (d) പണം നൽകാനുള്ളവർ

10. അറ്റ പ്രവർത്തന മൂലധനം എന്നാൽ __________ ആണ്.

(a) കറന്റ് ആസ്തികൾ – കറന്റ് ബാധ്യതകൾ

(b) കറന്റ് ആസ്തികൾ + കറന്റ് ബാധ്യതകൾ

(c) സ്ഥിരാസ്തികൾ – കറന്റ് ബാധ്യതകൾ

(d) സ്ഥിരാസ്തികൾ + കറന്റ് ബാധ്യതകൾ

**II. 11 മുതൽ 16 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് ഉത്തരം എഴുതുക. 2 സ്കോർ വീതം. (5 × 2 = 10)**

11. മാനേജ്മെന്റിന് കല എന്ന പ്രകൃതത്തിൽ ഉള്ള ഏതെങ്കിലും രണ്ട് പ്രത്യേകതകൾ ചുരുക്കി വിവരിക്കുക.

12. മാനേജ്മെന്റ് തത്ത്വങ്ങളുടെ ഏതെങ്കിലും 4 പ്രകൃതങ്ങൾ എഴുതുക.

13. 'ആസൂത്രണ സങ്കല്പങ്ങൾ' എന്ന പദം വിശദീകരിക്കുക.

14. ഫങ്ഷണൽ ഘടനയുള്ള സ്ഥാപനത്തിനുള്ള ഏതെങ്കിലും രണ്ട് ഗുണങ്ങൾ എഴുതുക.

15. 'ബിസിനസ്സിന്റെ എല്ലാ ഭാഗങ്ങളെയും പറ്റി സമഗ്രമായി മനസ്സിലാക്കാൻ ഒരു തൊഴിലാളിയെ ഈ പരിശീലനം സഹായിക്കുന്നു.' ഇവിടെ പ്രതിപാദിച്ചിട്ടുള്ള തരം പരിശീലനം ഏതെന്ന് മനസ്സിലാക്കി ചുരുക്കി പ്രതിപാദിക്കുക.

16. സൂചനപ്രകാരം പൂരിപ്പിക്കുക :

(a) പെൻഷൻ പദ്ധതി – സുരക്ഷാ ആവശ്യം

(b) ജോലി പദവി – ?

(c) സഹപ്രവർത്തകരുമായുള്ള നല്ല ബന്ധം – ?

**III. 17 മുതൽ 22 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് ഉത്തരം എഴുതുക. 3 സ്കോർ വീതം. (5 × 3 = 15)**

17. 'ടെയ്‌ലറുടെ ഫങ്ഷണൽ ഫോർമാൻഷിപ്പ് എന്ന ആശയം ഫയോളിന്റെ ആജ്ഞാ ഐക്യം എന്ന ആശയത്തിന് എതിരാണ്' – അഭിപ്രായം പറയുക.

18. അധികാര കൈമാറ്റം എന്ന പദം വിശദീകരിക്കുക

19. പുതുതായി തുടങ്ങുന്ന ഒരു ടെക്സ്റ്റൈൽസ് ഷോപ്പിന് അനുയോജ്യമായ 2 റിക്രൂട്ട്മെന്റ് ഉറവിടങ്ങൾ വിശദീകരിക്കൂ.

20. ഓൺ ദ ജോബ് പരിശീലനം, ഓഫ് ദ ജോബ് പരിശീലനം എന്നിവ വേർതിരിക്കുക.

21. 'കൺട്രോൾ ബൈ എക്സ്പ്ഷൻ' എന്നാലെന്താണ് ?

22. ഫിനാൻഷ്യൽ ലിവറേജ് എന്ന പദം വിശദീകരിക്കുക.

IV. 23 മുതൽ 27 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരം എഴുതുക. 4 സ്കോർ വിതം. (4 × 4 = 16)

23. താഴെ തന്നിരിക്കുന്ന ഒന്നോ രണ്ടോ വാക്യത്തിൽ വിവരിക്കുക :

(a) ആജ്ഞാഐക്യം

(b) സ്കാലാർ ചെയിൻ

(c) ക്രമം

(d) തുല്യത

24. ചേരുംപടി ചേർക്കുക :

| | A | | B |
|---|---|---|---|
| (a) | ജീവിതശൈലിയിലെ വ്യത്യാസം | – | സാമ്പത്തിക പരിതസ്ഥിതി |
| (b) | പലിശനിരക്കിലെ വ്യത്യാസം | – | സാമൂഹ്യ പരിതസ്ഥിതി |
| (c) | നിയമങ്ങളിലെ വ്യത്യാസം | – | സാങ്കേതിക പരിതസ്ഥിതി |
| (d) | ടെക്നോളജിയിലെ വ്യത്യാസം | – | നിയമ പരിതസ്ഥിതി |

25. ഫങ്ഷണൽ സംഘടന ഡയഗ്രത്തോട് വിശദമാക്കുക.

26. മാസ്‌ലോയുടെ അവശ്യശ്രേണി സിദ്ധാന്തം ഉദാഹരണ സഹിതം സമർത്ഥിക്കുക.

27. നിയന്ത്രണപ്രക്രിയ ഹ്രസ്വമായി വിവരിക്കുക.

V. 28 മുതൽ 31 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഉത്തരം എഴുതുക. 5 സ്കോർ വിതം. (3 × 5 = 15)

28. മാനേജ്മെന്റ് എന്നാലെന്താണ് ? ഇതിന്റെ ഉദ്ദേശ്യങ്ങൾ ഒന്നോ രണ്ടോ വാക്യങ്ങളിൽ വിവരിക്കുക.

29. ചേരുംപടി ചേർക്കുക :

| | A | | B |
|---|---|---|---|
| (a) | കോമ്പൗണ്ടിനകത്ത് പുകവലി പാടില്ല | – | നയം |
| (b) | ജോലികയറ്റം കഴിവിന്റെ അടിസ്ഥാനത്തിൽ മാത്രം | – | നിയമം |
| (c) | വാർഷിക വിൽപ്പനയിൽ 20 ശതമാനം വർദ്ധനവ് | – | രീതി |
| (d) | സമയത്തിന്റെ അടിസ്ഥാനത്തിലുള്ള കൂലി സമ്പ്രദായം | – | ബജറ്റ് |
| (e) | പ്രതീക്ഷിത ഫലത്തിന്റെ സാംഖികമായ റിപ്പോർട്ട് | – | ലക്ഷ്യം |

30. മേൽ നോട്ടം എന്നാലെന്താണ് ? ഇതിന് ഒരു സ്ഥാപനത്തിലുള്ള മൂന്ന് പ്രാധാന്യങ്ങൾ സൂചിപ്പിക്കുക.

31. മൂലധനഘടനയെ സ്വാധീനിക്കുന്ന ഏതെങ്കിലും 5 ഘടകങ്ങൾ വിശദീകരിക്കുക.

VI. 32 മുതൽ 34 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരം എഴുതുക. 8 സ്കോർ വിതം. (2 × 8 = 16)

32. പ്രവർത്തന മൂലധനം എന്നാൽ എന്താണ് ? അതിനെ സ്വാധീനിക്കുന്ന ഏതെങ്കിലും 5 ഘടകങ്ങൾ വിശദീകരിക്കുക.

33. (a) പരിശീലനം എന്നാലെന്താണ്?

(b) പരിശീലനം കൊണ്ട് തൊഴിലാളിക്കും തൊഴിൽ സ്ഥാപനത്തിനും ഉണ്ടാകാവുന്ന ഏതെങ്കിലും മൂന്ന് നേട്ടങ്ങൾ വിതം ലഘുവായി വിവരിക്കുക.

34. ആശയവിനിമയം എന്നാലെന്ത് ? ആശയവിനിമയ പ്രക്രിയ ഡയഗ്രത്തിന്റെ സഹായത്തോടെ വിശദീകരിക്കുക.